പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.369 | 27.02.2017 ൽ മറുപടിയ്ക്ക്

നെല്ല് സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുരളി പെരുനെല്ലി | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിൽ ഈ സീസണിലെ നെല്ല് സംഭരണം എന്ന് തുടങ്ങി എന്ന് അറിയിക്കുമോ; | (എ) തൃശ്ശൂർ ജില്ലയിൽ 2016-17 സീസണിലെ നെല്ല് സംഭരണം 21.09.2016 ൽ ആരംഭിച്ചു. |
| (ബി) സംഭരിച്ച നെല്ലിന്റെ തുക മുഴുവൻ കൊടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) 6566 കർഷകരിൽ നിന്നായി 19.02.2017 വരെ 15422.577 മെ.ടൺ നെല്ല് സംഭരിക്കുകയും ആയതിന് നല്കുവാനുണ്ടായിരുന്ന 34.70 കോടി രൂപയിൽ 4.39 കോടി രൂപ കർഷകർക്ക് നല്കുകയും ചെയ്തിട്ടുണ്ട്. 30.31 കോടി രൂപ കർഷകർക്ക് കുടിശ്ശികയുണ്ട്. |
| (സി) മില്ലുടമകൾക്ക് നൽകുന്ന ഹാൻഡിലിംഗ് ചാർജ്ജ് എത്രയാണ്; ഏതെല്ലാം ഇനത്തിലാണ് ഹാൻഡിലിംഗ് ചാർജ്ജ് നൽകുന്നത്; ഓരോ ഇനത്തിലും എത്ര തുക വീതമാണ് നൽകുന്നത് എന്നത് സംബന്ധിച്ച് വിശദമാക്കുമോ? | (സി) മില്ലുടമകൾക്ക് 11.01.2017 ലെ സർക്കാർ ഉത്തരവ് (എം.എസ്).1/2017/ഭ.പൊ.വി.വ. പ്രകാരം പ്രോസസിംഗ് ചാർജ്ജായി ക്വിന്റലിന് 190/- രൂപ നല്കുന്നു. നെല്ല് സംഭരണ പദ്ധതി പ്രകാരം പാടശേഖരത്തിൽ ചെന്ന് കർഷകരിൽ നിന്ന് നെല്ല് ഏറ്റെടുത്ത് അത് മില്ലിൽ എത്തിച്ച്, ക്രമാനുസൃതമായി സംസ്കരിച്ച്, റിലീസ് ഓർഡറുകൾ പ്രകാരം അരി വിട്ടു നൽകുന്നതുവരെയുള്ള എല്ലാ ചെലവുകൾക്കുമായാണ് പ്രോസസിംഗ് ചാർജ് നൽകുന്നത്. പ്രസ്തുത തുക ഇനം തിരിച്ച് അല്ല നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ